LIBRARY ARCHIVES Kerala Legislative Assembly

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാല

141 (5491) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സർവ്വകലാശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ 2014-15-ൽ 35 കോടി രൂപയുടെ പ്ലാൻ സഹായം അനുവദിച്ചിരുന്നു. ഇതിൽ 21 കോടി ഇതുവരെ സർവ്വകലാശാലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സർവ്വകലാശാലയുടെ പ്ലാൻ പദ്ധതികൾ അംഗീകരിക്കുകയും വേണ്ട ധനസഹായവും അനുമതികളും സർക്കാർ നൽകിവരികയും ചെയ്യുന്നു.

വെറ്ററിനറി സർവ്വകലാശാലയിലെ അഴിമതി

142 (5492) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി സർവ്വകലാശാലയിൽ വൈസ് ചാൻസലർ സ്വീകരിച്ചിട്ടുള്ള ഭരണ, അക്കാദമിക് നടപടികളെക്കുറിച്ച് ഉയർന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, എന്തെല്ലാം ആക്ഷേപങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ; ഇത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ബി) വൈസ് ചാൻസലറുടെ നടപടികളെ വിദ്യാർത്ഥികളും അദ്ധ്യാപകരും എതിർക്കുകയും യൂണിവേഴ്സിറ്റി ക്യാമ്പസ് പ്രക്ഷോഭങ്ങളുടെ വേദിയായി മാറുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രക്ഷോഭത്തിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) സർവ്വകലാശാലയിൽ നടന്ന നിർമ്മാണം, കൺസൾട്ടൻസി, സ്റ്റാറ്റ്യൂട്ട് തിരിമറി, നിയമനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് പുറത്ത് വന്നിട്ടുള്ള അഴിമതി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇക്കാര്യത്തിൽ സർക്കാർ എന്ത് നിലപാടാണ് എടുക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ജനാധിപത്യപരമായി തെരഞ്ഞെടുക്കുന്ന സെനറ്റ് , സിൻഡിക്കേറ്റ്, മറ്റ് ഭരണ സമിതികൾ എന്നിവ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

1. ഫീസ് വർദ്ധന
2. സീറ്റ് വർദ്ധന
3. ഹോസ്റ്റൽ സൗകര്യങ്ങളുടെ അപര്യാപ്തത
4. ഡിപ്ലോമ/എം.എസ്. കോഴ്സുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ
5. അവശ്യം വേണ്ട സൗകര്യങ്ങളും അനുമതിയും കൂടാതെ ബി. ടെക് ഡയറി സയൻസ് കോഴ്സിലേക്ക് കുട്ടികൾക്ക് പുതുതായി അഡ്മിഷൻ നൽകി എന്നിവയാണ് പരാതിക്ക് ആധാരമായ വിഷയങ്ങൾ. ഇവയിൽ 1 മുതൽ 4 വരെയുള്ള പരാതിയിൽ അടിസ്ഥാനമില്ല എന്നാണ് ബോർഡ്തലത്തിൽ നടത്തിയ വിശദമായ പരിശോധനയിൽ കണ്ടിട്ടുള്ളത്. അഞ്ചാമത്തെ പരാതിയിന്മേൽ സർവ്വകലാശാല രജിസ്ട്രാറോട് സർക്കാർ റിപ്പോർട്ട് ആരാഞ്ഞിട്ടുണ്ട്.

(ബി) 2013-ലും 2015-ലും വിദ്യാർത്ഥികൾ ഫീസ് വർദ്ധനയ്ക്കെതിരെ രണ്ട് സമരങ്ങൾ ചെയ്യുവെങ്കിലും അവരുമായുള്ള ചർച്ചയിൽ സമവായത്തെ തുടർന്ന് സമരം പിൻവലിക്കുകയാണ് ഉണ്ടായത്. ബോർഡ് തെരഞ്ഞെടുപ്പ് വൈകിയതിനാൽ ചില അദ്ധ്യാപക സംഘടനകൾ ചില സർവ്വകലാശാലാ പ്രവർത്തനങ്ങളിൽ സഹകരിക്കില്ല എന്നറിയിച്ചിരുന്നു. ഇതൊഴിച്ച് ഒരു സംഘടനയും ഇതുവരെ സമരം/പ്രക്ഷോഭം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബഹു. ചാൻസലർക്ക് 27-5-2015-ൽ സംഘടനകൾ നൽകിയ പരാതി സർവ്വകലാശാലയ്ക്ക് കൈമാറിയതിൽ, ബോർഡ്, 8-7-2015-ൽ വിശദ പരിശോധന നടത്തിയതിൽ അഴിമതി ആരോപണങ്ങൾക്ക് അടിസ്ഥാനമില്ലായെന്ന കണ്ടെത്തി ചാൻസലർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. മറ്റു പരാതികൾ ഒന്നും ശ്രദ്ധയിൽ വന്നിട്ടില്ല.

(ഡി) ബഹു. ചാൻസലർ, സംഘടനയുടെ ആവശ്യം മാനിച്ച് മാനേജിംഗ് കൗൺസിലിലേക്കുള്ള എം.എൽ.എ.-മാരുടെ മണ്ഡലത്തിലേക്ക് തെരഞ്ഞെടുപ്പ് നടക്കുന്നതിനുമുമ്പായി തന്നെ, ബോർഡിലെ ഡീൻ, അദ്ധ്യാപക ഒഴിവുകളിലേക്ക് തിരഞ്ഞെടുപ്പ് നടത്താൻ വി.സി.-യുടെ അധികാരം ഉപയോഗിക്കാൻ അനുമതി നൽകിയതനുസരിച്ച് ആ തിരഞ്ഞെടുപ്പ് വിജ്ഞാപനം ചെയ്യാനുള്ള നടപടികൾ വേഗം സ്വീകരിച്ചുവരുന്നു. ഇതിനായി വോട്ടർ പട്ടിക 17-7-2015-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ആരോഗ്യ-കാർഷിക-വിദ്യാഭ്യാസ ബോധവൽക്കരണത്തിന് ജാഗ്രതാ സമിതി

143 (5495) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമ പഞ്ചായത്തുകൾ വഴി ആരോഗ്യ-കാർഷിക-വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികൾ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) വർദ്ധിച്ചുവരുന്ന മദ്യ-ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും കുറ്റകൃത്യങ്ങളും തടയുന്നതിന് ഗ്രാമ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ യുവജനങ്ങളെയും സന്നദ്ധ സംഘടനകളെയും ഉൾപ്പെടുത്തി പഞ്ചായത്തുതല ജാഗ്രതാ സമിതികൾ രൂപീകരിയ്ക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ലഹരി വസ്തുക്കളുടെ വില്പനയും ഉപയോഗത്തിനുമെതിരെ പൊതുജനങ്ങളിൽ ശക്തമായ ബോധവൽക്കരണം നടത്തുവാനും ഇതിലേക്കായി പ്രചരണ പരിപാടികൾ സംഘടിപ്പിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടിയെടുക്കേണ്ടതാണെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly